"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉപഭോക്തൃകാര്യ വകുപ്പ് - ഡയറക്ട് സെല്ലിംഗ് കമ്പനികളുടെ ഓൺലൈൻ രജിസ്ട്രേഷൻ,കമ്പനികൾ ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിനുള്ള മാർഗനിർദേശങ്ങൾ നൽകുന്നതിനുള്ള പുതുക്കിയ വെബ്സൈറ്റിന്റെ തുടർപ്രവർത്തനം, മറ്റനുബന്ധ പ്രവർത്തനങ്ങൾ എന്നിവ ഏകീകരിക്കുന്നതിനായി പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉപഭോക്തൃകാര്യവകുപ്പ്**

സ.ഉ.(സാധാ) നം.**5/2025/CAD** തീയതി,തിരുവനന്തപുരം, **15-02-2025**

---

പരാമർശം:- സ.ഉ.(പി) നം.**20/2024**/സിഎഡി, തീയതി, **04-10-2024.**

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഡയറക്ട് സെല്ലിംഗ് കമ്പനികളെ മോണിറ്റർ ചെയ്യുന്നതിന് ഒരു മോണിറ്ററിംഗ് മെക്കാനിസം ഏർപ്പെടുത്തുന്നതിനായി പരാമർശം പ്രകാരം സർക്കാർ ഒരു ഗൈഡ് ലൈൻസ് പുറത്തിറക്കിയിരുന്നു.

2) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഡയറക്ട് സെല്ലിംഗ് കമ്പനികളുടെ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ സുഗമമാക്കുന്നതിനായി പ്രസ്തുത കമ്പനികളുടെ ഓൺലൈൻ രജിസ്ട്രേഷൻ, കമ്പനികൾ ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾ നൽകുന്നതിനുള്ള പുതുക്കിയ വെബ്സൈറ്റിന്റെ തുടർപ്രവർത്തനം, അപേക്ഷാ പ്രോസസ്സിംഗ് ഫീസ്, ടെക്നോളജി സപ്പോർട്ട് ഫണ്ട്, ഫീസുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനായും അതിനായുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനുമായി, ഡയറക്ട് സെല്ലിംഗ് മോണിറ്ററിംഗ് കമ്മിറ്റിയുടെ കൺവീനർ കൂടിയായ പൊതുവിതരണ,ഉപഭോക്തൃകാര്യ കമ്മീഷണറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കുമാർ ഐ എ എസ്
സെക്രട്ടറി

പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
വെബ് & ന്യൂമീഡിയ വിംഗ്, ഐ&പി.ആർ.ഡി.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (File No.CA1/9/2022-CAD-Part(6))

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ